# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1426 | 15.06.2012-ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) വിവിധ പ്ലാന്റേഷൻ ഓഫീസുകളിൽ സൂക്ഷിച്ചുവച്ചിട്ടുള്ള എൻഡോസൾഫാൻ നശിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ വിവിധ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിന് D.R.D.O. ശാസ്ത്രജ്ഞൻമാരുടെ സഹായത്തോടെ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) എങ്കിൽ ഇവ നശിപ്പിക്കാൻ എന്തൊക്കെ മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ബി) എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിന്റെ ആദ്യഘട്ടമായി പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണുകളിൽ ദ്രവിച്ച ബാരലുകളിലൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ യു.എൻ. അംഗീകരിച്ച ഗുണമേൻമയുള്ള ഫൈബർ ബാരലുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം 7.5.2012-ന് കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ അംഗീകരിക്കുകയും, ആയതിന്റെ നടപ്പാക്കലിന് 5 ലക്ഷം രൂപ ചെലവു കണക്കാക്കുകയും, ആയതിലേയ്ക്ക് 5 ലക്ഷം രൂപ ഗവൺമെന്റ് അനുവദിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ